(സി) സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്നതും 1952 ലെ 'എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ട് ആന്റ് മിസലേനിയസ് പ്രോവിഷൻ ആക്ടി' ന്റെ പരിധിയിൽ വരാത്തതുമായ പ്രാഥമിക സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് ഇപ്പോൾ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളുടെ ഭരണ നിയന്ത്രണത്തിലുള്ള സംഘങ്ങളിലെ ജീവനക്കാർക്ക് കൂടി പെൻഷൻ നൽകുന്നതു സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി സാധ്യത വിലയിരുത്തുന്നതിന് പെൻഷൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി പെൻഷൻ ഫണ്ടിന്റെ ലഭ്യതയെക്കുറിച്ചും പെൻഷൻ നൽകേണ്ടിവരുന്ന ബാധ്യതയെക്കുറിച്ചും ഒരു പഠനം നടത്തേണ്ടതുണ്ട്. ഇത്തരമൊരു പഠനം നടത്തുന്നതിന് പെൻഷൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ പഠനം നടത്തി സാധ്യത വിലയിരുത്തി മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളു.

172 (2550) സംസ്ഥാന സഹകരണ അർബൻ ബാങ്കു ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ നടപടികൾ പൂർത്തിയായോ;

(ബി) കഴിഞ്ഞ ശമ്പള പരിഷ്ക്കരണ കാലാവധി എന്നുവരെയായിരുന്നു; ഇത് യഥാസമയം പുതുക്കുന്നതിന് എന്താണ് തടസ്സം;

(സി) ശമ്പള പരിഷ്ക്കരണ ശുപാർശ സമർപ്പിക്കാൻ സർക്കാർ പ്രത്യേകം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഈ കമ്മിറ്റിയിൽ ആരെല്ലാമായിരുന്നു അംഗങ്ങൾ; അവരുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഈ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ഇ) റിപ്പോർട്ട് പകർപ്പ് ഈ മേഖലയിലെ സംഘടനകൾക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(എഫ്) ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് അംഗീകരിച്ച് നടപ്പിലാക്കുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ അർബൻ ബാങ്ക് ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ കമ്മിഷനെ നിയമിക്കുകയും ടി കമ്മിഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി)ആന്റ്(സി) കഴിഞ്ഞ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ കാലാവധി 31-3-98 വരെയായിരുന്നു. ശമ്പളം പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുന്നതിനായി ശ്രീ. സി.എം നാരായണൻ, ശ്രീ.എം ശ്രീധരൻ എന്നിവരെ അംഗങ്ങളാക്കി ഒരു കമ്മിഷനെ നിയമിച്ചു. കമ്മിഷൻ ശുപാർശകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഈ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1-1-96-ലെ അടിസ്ഥാന ശമ്പളത്തോടുകൂടി 1-1-96-ലെ ബാക്കി നിൽപ്പു ക്ഷാമബത്തകൂടി പ്രസ്തുത തുകയുടെ 20% മോ ഏറ്റവും കുറഞ്ഞത് 300 രൂപയോ ചേർത്താണ് ശമ്പളം നിർണ്ണയിക്കാൻ കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ളത്. ജീവനക്കാരുടെ സർവ്വീസ് പരിഗണിച്ച് ഏറ്റവും അവസാനം വാങ്ങിയ ഇൻക്രിമെന്റ് നിരക്കിൽ മൂന്നുവർഷത്തെ സർവീസിനു ഒരു ഇൻക്രിമെന്റ് എന്ന കണക്കിൽ പരമാവധി മൂന്ന് ഇൻക്രിമെന്റ് അടിസ്ഥാന ശമ്പളത്തോട് കൂടി കൂട്ടാനും ശുപാർശ ചെയ്തിട്ടുണ്ട്. വീട്ടുവാടക ബത്ത അടിസ്ഥാന ശമ്പളത്തിന്റെ 6% പരമാവധി 800 രൂപയായി നിശ്ചയിക്കുക, മെഡിക്കൽ അലവൻസ് 600 രൂപയിൽ നിന്നു 1000 രൂപയായും വാഷിംഗ് അലവൻസ് 50 രൂപയിൽ നിന്നു 100 രൂപയായും വർദ്ധിപ്പിക്കുക, സിറ്റി കോമ്പൻസേറ്ററി അലവൻസ്, കണ്ണട അലവൻസ്, കമ്പ്യൂട്ടർ അലവൻസ്, ഹിൽട്രാക്റ്റ് അലവൻസ് എന്നിവ അനുവദിക്കുക എന്നിവയാണ് ശമ്പള പരിഷ്ക്കരണ റിപ്പോർട്ടിലെ മറ്റു പ്രധാന ശുപാർശകൾ.

(ഇ) ഇല്ല. നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) അർബൻ ബാങ്ക് ജീവനക്കാരുടെ സംഘടനകളും അർബൻ ബാങ്കു മാനേജ്മെന്റുമായി ചർച്ച ചെയ്ത് ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച നടപടി സ്വീകരിക്കുന്നതാണ്.

173 (2551) നീതിമെഡിക്കൽ സ്റ്റോറുകളിൽ ജീവനക്കാരെ നിയമിക്കുന്ന രീതി

ശ്രീ. എ.വി അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി മെഡിക്കൽ സ്റ്റോറുകളിൽ ജീവനക്കാരെ നിയമിക്കുന്നത് ഏതു രീതിയിലാണ്;

(ബി) ഇവരുടെ വിദ്യാഭ്യാസ യോഗ്യത, പരിചയം തുടങ്ങിയ കാര്യങ്ങൾ നിശ്ചയിക്കുന്നത് ആരാണ്;

(സി) നിശ്ചിത യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കുന്നത് ആരാണ്;

(ഡി) നിയമനാധികാരി ആരാണ്;

(ഇ) നിയമനത്തിൽ ജാതി സംവരണം പാലിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നീതി മെഡിക്കൽ സ്റ്റോറുകളിലേയ്ക്ക് 'കൺസോളിഡേറ്റഡ് പേ' യിൽ കരാർ വ്യവസ്ഥയിലാണ് ഇപ്പോൾ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

(ബി) നീതിമെഡിക്കൽ സ്റ്റോർ പദ്ധതിക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രോജക്ട് റിപ്പോർട്ടിന് വിധേയമായിട്ടും, കേരളാ സ്റ്റേറ്റ് ഫാർമസി കൗൺസിൽ രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കനുസൃതമായിട്ടും, ഇവ സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly